13617
3/9/16

GOVERNMENT OF KERALA

Abstract

Personnel and Administrative Reforms Department –Kerala Administrative Tribunal – purchase of one Toyota Corolla Altis petrol car Administrative sanction - accorded - Orders issued.

==========================================

PERSONNEL & ADMINISTRATIVE REFORMS (AR-12) DEPARTMENT

G.O.(Rt) No. **333**/2016/P&ARD. *Dated, Thiruvananthapuram, 22/08/2016.*

==========================================

Read:-
1. G.O.(Rt)69/2011/P&ARD dated,28/02/2011.
2. Letter No.2249/Gen/2015/KAT dated,19/11/2015 from the Registrar Kerala Administrative Tribunal.
3. Letter No.2249/Gen/2015/KAT dated,05/01/2016 from the Registrar Kerala Administrative Tribunal.

ORDER

As per Government Order read as 1st paper above Government have accorded sanction for the Purchase of 11 vehicles for the use of Kerala Administrative Tribunal at a total cost of Rs.82,00,000/-(Eighty Two Lakhs only) observing DGS&D Rate Contract and store purchase Rules.

As per letter read as 2nd and 3rd paper above, the Registrar, Kerala Administrative Tribunal has informed that among the sanctioned numbers of 11 cars , only 5 cars were purchased and being used by them and frequent journeys to Ernakulam and back are essential for the Hon'ble Chairman and Members, as the Additional Bench of Kerala Administrative Tribunal is functioning at Ernakulam. Hence requested the Government to reconsider the proposal for the purchase of 3 Toyota Corolla Altis Cars for the use of Hon'ble Chairman and members of the Kerala Administrative Tribunal .

Government have examined the proposal in detail and are pleased to accord administrative sanction for the purchase of one Toyota Corolla Altis Car, amounting to Rs.17,00,000/-(Rupees Seventeen lakhs only) for the official use of Kerala Administrative Tribunal.

(..........2)

The expenditure in this account will be met from the Head of Account "2070-00-105-97-21-Motor Vehicles (NP)".

(By Order of the Governor)

**SATYAJEET RAJAN,**
Principal Secretary to Government.

To

The Registrar ,Kerala Administrative Tribunal .Thiruvananthapuram.
The Principal Accountant General(Audit), Kerala, Thiruvanatnapuram.
The Accountant General(A&E), Kerala, Thiruvananthapuram.
The Finance (Exp B3)Department (vide 4725/Exp.B3/16/fin date.24/2/2016).
The Advocate General, Kerala, Ernakulam.
GAD(SC)Dept (Item No.200 of cabinet decision date.19/08/2016).
Stock File/Office Copy.

Forwarded/By Order,

Section Officer.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 21286/എ.ആർ.12(2)/2015/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക ആവശ്യത്തിനായി കാർ വാങ്ങുന്നതിന് അനുമതിയും പ്രസ്തുത ആവശ്യത്തിന് ഫണ്ടും അനുവദിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.08.2016. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഗീത.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സത്യജീത് രാജൻ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.08.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.08.2016. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.08.2016. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16 .08. 2016. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ, മെമ്പർമാർ എന്നിവരുടെ ഔദ്യോഗിക ആവശ്യത്തിനായി കാറുകൾ വാങ്ങുന്നതിന് അനുമതിയും പ്രസ്തുത ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ,മെമ്പർമാർ, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്കുവേണ്ടിയും ഓഫീസ് ഉപയോഗത്തിനായും 11 വാഹനങ്ങൾ ആകെ 82,00,000/- രൂപ (എൺപത്തി രണ്ട് ലക്ഷം രൂപ )ചെലവിൽ DGS&D റേറ്റ് കോൺട്രാക്ട് പ്രകാരവും സ്റ്റോർ പർച്ചേസ് റൂൾ പാലിച്ചും വാങ്ങുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 28.02.2011 ലെ സ.ഉ.(സാധാ)69/11/ഉഭപവ നമ്പർ പ്രകാരം അനുമതി നൽകിയിരുന്നു.

3) എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാതിരുന്നതിനാൽ പ്രാരംഭഘട്ടത്തിൽ 5 കാറുകളും ഒരു എസ്.യു.വി.യും (xylo) മാത്രമേ വാങ്ങിയിരുന്നുള്ളൂവെന്നും ഇതിൽ ചെയർമാന്റെ ഉപയോഗത്തിലേയ്ക്കായി 2011 ൽ വാങ്ങിയ ടൊയോട്ടോ ആൾട്ടീസ് കാറും ട്രിബ്യൂണൽ മെമ്പർമാരുടെ ആവശ്യത്തിലേയ്ക്കായി 2012 ൽ വാങ്ങിയ 2 മാരുതി എസ്.എക്സ്.4 കാറുകളും കാലപ്പഴക്കവും ഉപയോഗവും നിമിത്തം അടിക്കടി അറ്റകുറ്റപ്പണി ആവശ്യമായ അവസ്ഥയിലാണെന്നും ടി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വലിയ തുക ചെലവായിക്കൊണ്ടിരിക്കുകയാണ് എന്നും രജിസ്ട്രാർ അറിയിച്ചിരുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അഡീഷണൽ ബെഞ്ച് എറണാകുളത്ത് പ്രവർത്തിക്കുന്നതിനാൽ ചെയർമാനും മറ്റ് മെമ്പർമാർക്കും എറണാകുളത്തേയ്ക്ക് അടിക്കടി യാത്ര ചെയ്യേണ്ടി വരുന്നതായും നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങൾ 2011-12 കാലഘട്ടത്തിൽ വാങ്ങിയവയായതിനാൽ കാലപ്പഴക്കം നിമിത്തം ഇടയ്ക്കിടെ അറ്റകുറ്റപ്പണികൾ, ബ്രേക്ക്ഡൗൺ എന്നിവയ്ക്ക് വിധേയമാകുന്നതായും ഇത്

ട്രൈബ്യൂണലിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാകുന്നതായും രജിസ്ട്രാർ അറിയിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ചെയർമാൻ, മറ്റ് മെമ്പർമാർ എന്നിവരുടെ ഉപയോഗത്തിലേയ്ക്കായി 3 ടൊയോട്ടോ കൊറോളാ ആൾട്ടിസ് പെട്രോൾ വേരിയന്റ് കാറുകൾ വാങ്ങുന്നതിനുള്ള ശുപാർശ പരിഗണിക്കണമെന്നും, ഇതിലേയ്ക്കായി 50 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കണമെന്നുമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നത്. ഒരു വാഹനത്തിന് സ്പെഷ്യൽ ഗവൺമെന്റ് വില അനുസരിച്ച് 16,91,768.27 രൂപ വിലവരുമെന്നും അറിയിച്ചിട്ടുണ്ട്.

4) എന്നാൽ പ്രസ്തുത വാഹനങ്ങൾ 2011-12 കാലയളവിൽ വാങ്ങിയതാകയാൽ അധികം കാലപ്പഴക്കമില്ലാത്തതിനാലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉപയോഗത്തിന് നിലവിൽ 5 വാഹനങ്ങൾ ഉള്ളതിനാലും പുതിയ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന ശുപാർശ തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് ബഹു.മുൻ മുഖ്യമന്ത്രി ഉത്തരവായിരുന്നു.

ഇതിനെ തുടർന്ന് വാഹനം വാങ്ങുന്നതിനുള്ള ശുപാർശ പുന:പരിഗണിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ വീണ്ടും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിനു നൽകിയപ്പോൾ ടി വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"മന്ത്രിസഭായോഗത്തിന്റെ അനുമതിക്കു വിധേയമായി ഒരു ടൊയോട്ട കൊറോള ആൾട്ടിസ് പെട്രോൾ കാർ വാങ്ങുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.

ഇതിന് ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ട്."

5) 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ മാതൃകാപെരുമാറ്റച്ചട്ടം പാലിക്കേണ്ട കാലാവധിക്കു ശേഷം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ബഹു.മുൻ മുഖ്യമന്ത്രി ഉത്തരവായിരുന്നു.

6) പുതിയ മന്ത്രിസഭ നിലവിൽ വന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം ഈ വിഷയം പരിഗണിക്കുന്നതിന് ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

1. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക ആവശ്യത്തിലേക്കായി ധനവകുപ്പ് ശുപാർശ ചെയ്തതു പ്രകാരം ഒരു ടൊയോട്ട കൊറോള ആൾട്ടിസ് പെട്രോൾ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ :

2. അനുമതി നൽകുകയാണെങ്കിൽ പ്രസ്തുത വാഹനം വാങ്ങുന്നതിന് ചെലവാകുന്ന തുക 17 ലക്ഷം രൂപ 2070-00-105-97-21 Motor Vehicles (NP) എന്ന ശീർഷകത്തിൽ വകയിരുത്തി അനുവദിക്കാമോ ?